ശിക്ഷിക്കപ്പെട്ടവരാണ്. അതിനാൽ അവരെ മോചിപ്പിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി ആർ. മാധവൻപിള്ള : രാഷ്ട്രീയകാരണം ചെയ്തിട്ടുള്ള തടവുകാരെ മോചിപ്പിക്കുകയെന്നുള്ളതല്ലേ ഗവണ്മെന്റിന്റെ നയം ?

ശ്രീ. എ. ജെ. ജോൺ : ഇവരെ രാഷ്ട്രീയ കാരണത്തിനല്ല ശിക്ഷിച്ചിട്ടുള്ളത് ; ഇവർ കൊലപാതകമൊക്കെ നടത്തിയിട്ടുള്ളവരാണ്.

യുവജനവിദ്യാർത്ഥി ക്യാമ്പുകൾ.

* 382. [9] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ മദ്ധ്യവേനൽ ഒഴിവുകാലത്തു സംസ്ഥാനത്തു മുഴുക്കെ എത്ര യുവജനവിദ്യാർത്ഥി ക്യാമ്പുകൾ നടത്തി ; എവിടെയൊക്കെ ; എത്രപേർ ഓരോ ക്യാമ്പിലും പങ്കെടുത്തു ; ഓരോ ക്യാമ്പിനും എന്തു തുക വീതം ചെലവായി ; മൊത്തം എത്രപേർ പങ്കെടുത്തു ; മൊത്തം എന്തു തുക ചെലവായി ; എന്തു പ്രയോജനമാണുണ്ടായത് ;

(ബി) ശാസ്താംകോട്ട ക്യാമ്പിൽ എത്രപേർ പങ്കെടുത്തു ; മൊത്തമെന്തു തുക ചെലവായി ; എന്തു നേട്ടമുണ്ടായി ;

(സി) ഈ ക്യാമ്പുകളുടെ ചുമതല വഹിച്ചിരുന്നതു ആരാണ് ; ഈ ക്യാമ്പുകളുടെ പ്രവർത്തനത്തിനു ആവശ്യമായ പ്ലാൻ തയ്യാറാക്കിയതു വർക്കിംഗ് കമ്മിറ്റികളോടാലോചിച്ചാണോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇക്കഴിഞ്ഞ മദ്ധ്യവേനൽ ഒഴിവുകാലത്തു വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെയോ, യൂണിവേഴ്സിറ്റിയുടെയോ ആഭിമുഖ്യത്തിൽ യാതൊരു യുവജനവിദ്യാർത്ഥിക്യാമ്പുകളും നടത്തിയതായി അറിവില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം.

* 383. [10] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകരുടെ ശമ്പളവും അലവൻസും ഗവണ്മെന്റിൽനിന്നും നേരിട്ടു നൽകിത്തുടങ്ങണമെന്നും അവരെ നിയമിക്കാനുള്ള അധികാരം പബ്ലിക് സർവീസ് കമ്മീഷനു നൽകണമെന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) അവരെ സർവീസിൽനിന്നും പിരിച്ചുവിടാൻ പ്രൈവറ്റ് മാനേജുമെന്റുകൾക്കുള്ള അധികാരം അവസാനിപ്പിക്കയും, അവരുടെ മേൽ ശിക്ഷണനടപടികളും ആവശ്യമാണെന്നു വന്നാൽ എടുക്കാനുള്ള അധികാരം വിദ്യാഭ്യാസഡയറക്ടറുടെ മാത്രം നിക്ഷിപ്തമാക്കുകയും ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly